23/12/21



30/11/2021

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 195(6)/2021 എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.2319/എസ്.ഐ.സി–ജി 5/2021)**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. ജേക്കബ് കല്ലുംമൂടൻ,**
**ജോയ്‌വില്ല,**
**ശക്തികുളങ്ങര പി.ഒ,**
**കൊല്ലം – 691 581.** } **അപ്പീൽ ഹർജിക്കാരൻ**

**Vs.**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
   **അസിസ്റ്റന്റ് എഞ്ചിനീയർ,**
   **എഞ്ചിനീയറിംഗ് വിഭാഗം,**
   **മുനിസിപ്പൽ കോർപ്പറേഷൻ, കൊല്ലം.**
2. **അപ്പീൽ അധികാരി &**
   **എക്സിക്യൂട്ടീവ് എഞ്ചിനീയർ,**
   **എഞ്ചിനീയറിംഗ് & ടൗൺ പ്ലാനിംഗ് വിഭാഗം,**
   **മുനിസിപ്പൽ കോർപ്പറേഷൻ, കൊല്ലം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 20/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 18/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 16/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08/02/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 10/02/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/03/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 16/11/2021<br>ഗസ്റ്റ് ഹൗസ് ആശ്രമം<br>കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജേക്കബ് കല്ലുംമൂടൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ നൽകിയ മറുപടി തികച്ചും നിരുത്തരവാദപരവും വിവരാവകാശ നിയമ ചട്ടങ്ങളുടെ ലംഘനവുമാണെന്നും ടിയാന്റെ അപ്പീൽ പരാതിയിൽ ടിയാന് വിചാരണ നോട്ടീസ് ലഭിക്കാത്തതും ടിയാനെ കേൾക്കാത്തതുമാണെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 21.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കൊല്ലം ഈസ്റ്റ് വില്ലേജിലെ 9490, 9491 റീസർവ്വേ 156/43, 156/42, 156/100 എന്നിവയിൽപെട്ട ഭൂമികളിൽ കൊല്ലം വടക്കേവിള വില്ലേജിലെ സർവ്വേ 9A, 9B, 8, 8A, 8B, 11, 10 ഉം ഉൾപ്പെട്ടിട്ടുള്ള ഭൂമികൾ ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറ്റം ചെയ്യാനുള്ളതാണ് എന്ന് രേഖാമൂലം Sketch-1, Sketch-2 എന്ന് രേഖപ്പെടുത്തിയിട്ടുള്ള സ്കെച്ചുകൾ രണ്ടും (നോട്ടറി അറ്റസ്റ്റഡ്) വിവരാവകാശ പ്രകാരമുള്ള അപേക്ഷയ്ക്ക് കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയറും, ടൗൺ പ്ലാനിംഗ് സർവ്വേയറും, ടൗൺ പ്ലാനിംഗ് ഓഫീസറും, കോർപ്പറേഷൻ സെക്രട്ടറിയും കണ്ട് ബോധ്യപ്പെട്ട് ഇനിഷ്യൽ ചെയ്ത് നൽകിയിട്ടുള്ളതാണോ എന്നും

2) മേൽ പറഞ്ഞ സ്കെച്ചുകൾ രണ്ടും നൽകിയിട്ടുള്ള വർഷം, മാസം, ദിവസം എന്നിവയാണ്.

3. ഹർജിക്കാരന്റെ 21.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 20.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമായില്ലെന്നു കാണിച്ച് 18.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 16.01.2021 ൽ തീർപ്പാക്കിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 16.03.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും സമയബന്ധിതമായി ഫയൽ രേഖകൾ പ്രകാരമുള്ള വിവരങ്ങൾ നൽകിയിട്ടുള്ളതാണെന്നും നഗരസഭയിലെ PW8/TP4/4399/89 Vol.II എന്ന ഫയലിൽ സൂക്ഷിച്ചിരിക്കുന്ന സ്കെച്ചിൽ ഉദ്യോഗസ്ഥർ ഒപ്പു വച്ച തീയതിയാണ് അപേക്ഷകൻ ആവശ്യപ്പെട്ടതെന്നും എന്നാൽ ടി സ്കെച്ചിൽ ടൗൺ പ്ലാനിംഗ് ഓഫീസർ, എക്സി. എഞ്ചിനീയർ, സെക്രട്ടറി എന്നിവർ തീയതി രേഖപ്പെടുത്തിയല്ല ഒപ്പു വച്ചിട്ടുള്ളതെന്നും ഓഫീസ് രേഖകളിൽ ലഭ്യമല്ലാത്ത ഒരു വിവരമായതിനാലാണ് ആയത് അപേക്ഷകന് നൽകാൻ കഴിയാതിരുന്നതെന്നും ഫയൽ നേരിട്ട് കണ്ട് ആയത് അപേക്ഷകന് ബോധ്യപ്പെട്ടിട്ടുള്ളതുമാണെന്നാണ്. നഗരസഭയ്ക്ക് ബസ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സ് നിർമ്മാണത്തിനായി റെയിൽവേ വിട്ടു നൽകിയ സ്ഥലത്തിന് പകരമായി റെയിൽവേയ്ക്ക് നൽകുന്നതിനാണ് കൊല്ലം ഈസ്റ്റ് വില്ലേജ്, വടക്കേവിള വില്ലേജ് എന്നിവയിൽ ഉൾപ്പെട്ട വിവരാവകാശ അപേക്ഷയിൽ പരാമർശിക്കുന്ന ഭൂമികൾ നഗരസഭ ഏറ്റെടുത്തിട്ടുള്ളതെന്നും അർത്ഥനാധികാരിയായ കൊല്ലം കോർപ്പറേഷന്റെ അഭ്യർത്ഥന പ്രകാരം അക്വിസിഷൻ അതോറിറ്റിയായ ബഹു. ജില്ലാ കളക്ടറാണ് മേൽ ഭൂമികൾ ഏറ്റെടുത്ത് നഗരസഭയ്ക്ക് നൽകിയിട്ടുള്ളതെന്നും കൃത്യമായ നടപടി ക്രമങ്ങൾ പാലിച്ചും അക്വിസിഷൻ അതോറിറ്റി ആവശ്യപ്പെട്ട മുഴുവൻ തുകയും കൈമാറിയാണ് ഭൂമി ഏറ്റെടുത്തിട്ടുള്ളതെന്നും അക്വിസിഷൻ നടപടികൾ 2009 ൽ പൂർത്തിയായിട്ടുള്ളതാണെന്നും സർക്കാർ തലത്തിലുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഏറ്റെടുത്ത ഭൂമികൾ റെയിൽവേയ്ക്ക് കൈമാറുന്നതാണെന്നും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു. കൂടാതെ ടി വിഷയവുമായി ബന്ധപ്പെട്ട് നിരവധി വിവരാവകാശ അപേക്ഷകളാണ് ഹർജിക്കാരൻ നഗരസഭയിൽ നൽകിയിട്ടുള്ളതെന്നും ആയതിനെല്ലാം തന്നെ സമയപരിധിക്കുള്ളിൽ മറുപടി നൽകിയിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതി

നാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 16.11.2021 ൽ കമ്മീഷൻ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഒന്നാം എതിർകക്ഷി ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. എന്നാൽ ഹർജിക്കാരൻ ഹിയറിംഗിൽ പങ്കെടുക്കുകയോ പങ്കെടുക്കാതിരുന്നതിനുള്ള കാരണം അറിയിച്ചി രുന്നതുമില്ല. ടിയാന്റെ ഒന്നാം അപ്പീലിൽ വിചാരണ നടത്താതെ അപ്പീൽ അപേക്ഷ തീർപ്പാക്കിയെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ പറഞ്ഞിരിക്കുന്നത്. ഹർജികക്ഷിയുടെ ടി പരാതിയിന്മേൽ ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നത് ഒന്നാം അപ്പീൽ അപേക്ഷ ലഭി ച്ചതിനു ശേഷം ഹിയറിംഗ് നോട്ടീസ് നൽകാതെ തന്നെ ഹർജിക്കാരൻ അപ്പീൽ അധികാരി മുമ്പാകെ ഹാജരായി ഫയൽ പരിശോധിച്ച് വിവരങ്ങൾ ബോധ്യപ്പെട്ട തിനാലാണ് വീണ്ടും ഹിയറിംഗ് നടത്താതെ ഫയൽ പ്രകാരം ലഭ്യമായ വിവര ങ്ങൾ നൽകിയിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ അപേക്ഷ തീർപ്പാക്കിയതെന്നാണ്. ഹർജികക്ഷി ആവശ്യപ്പെട്ട രേഖകൾ ലഭ്യമാ യവ എല്ലാം എതിർകക്ഷി ഹർജികക്ഷിയ്ക്കു നൽകിയിട്ടുള്ളതായി കാണുന്നു. ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ സമയബന്ധിതമായി നൽകിയിട്ടുള്ളതായും കാണുന്നു. സ്കെച്ചിൽ തീയതി രേഖപ്പെടുത്തിയല്ല സെക്രട്ടറിയും ടൗൺ പ്ലാനിംഗ് ഓഫീസറും എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒപ്പിട്ടിട്ടുള്ളത്. അതിനാ ലാണ് ഹർജികക്ഷി ആവശ്യപ്പെട്ട പ്രകാരം ഒപ്പു വച്ച തീയതി നൽകാൻ കഴിയാ ത്തത്. രേഖകളിൽ ലഭ്യമല്ലാത്ത ഒരു വിവരമായതിനാലാണ് അപേക്ഷകന് നൽകാൻ കഴിയാത്തതെന്നും രേഖയുടെ യഥാർത്ഥ അവസ്ഥയിലുള്ളതിന്റെ പകർപ്പാണ് പരാതിക്കാരന് നൽകിയതെന്നും മൊഴിയിൽ എതിർകക്ഷി രേഖപ്പെടു ത്തിയിരിക്കുന്നു. ഹർജിക്കാരന് നൽകിയിരിക്കുന്ന മറുപടികളുടെയും റിപ്പോർട്ടി ന്റെയും മൊഴിയുടെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിലെ മേൽനട പടി അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

RIGHT TO INFORMATION